നോക്കുകൂലി സമ്പ്രദായം

56 (4111) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നോക്കുകൂലി വാങ്ങുന്ന അംഗീകൃത യൂണിയനുകൾക്കെതിരെ എന്തൊക്കെ നടപടി സ്വീകരിക്കണമെന്നാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളത് ;

(ബി) ഈ വർഷം ഇതുവരെ നോക്കുകൂലി വാങ്ങിയതായ പരാതികളിന്മേൽ ഏതൊക്കെ യൂണിയനുകൾക്കെതിരെ കേസ്സുകൾ ചാർജ്ജ് ചെയ്തിട്ടുണ്ട് എന്ന് വിശദീകരിക്കുമോ ;

(സി) ഇത്തരം കേസ്സുകളിൽ എത്ര പേർക്ക് പിഴയോ ശിക്ഷയോ നൽകിയിട്ടുണ്ട് എന്നറിയിക്കുമോ ?

ഉത്തരം

(എ) നോക്കുകൂലി വാങ്ങിയതായി പരാതി ലഭിച്ചാൽ കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിനു കീഴിൽ 1983-ലെ കേരള ചുമട്ടു തൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും) പദ്ധതിയിലെ അംഗങ്ങളായ ചുമട്ടു തൊഴിലാളികൾക്കെതിരെ പദ്ധതിയുടെ 35-ാം ഖണ്ഡിക പ്രകാരം താഴെ വിവരിക്കുന്ന ശിക്ഷാനടപടികൾ കൈക്കൊള്ളുന്നതാണ്.

(i) രേഖാമൂലം താക്കീത് നൽകുക.

(ii) 7 ദിവസത്തിൽ കുറയാതെയോ 30 ദിവസത്തിൽ കവിയാതേയോ ഉള്ള കാലയളവിലേയ്ക്ക് ജോലിയിൽ നിന്ന് താൽക്കാലികമായി നീക്കം ചെയ്യുക. എന്നാൽ ആവർത്തിച്ച് ചെയ്യുന്ന കുറ്റത്തിന്, കാരണങ്ങൾ തൊഴിലാളിയെ രേഖാമൂലം അറിയിച്ചുകൊണ്ട് 60 ദിവസംവരെ ജോലിയിൽ നിന്ന് മാറ്റി നിർത്താവുന്നതാണ്.

(iii) അംഗീകൃത ചുമട്ടു തൊഴിലാളിയായുള്ള രജിസ്ട്രേഷൻ റദ്ദു ചെയ്യുന്നതിന് മതിയായ കാരണങ്ങളുണ്ടെങ്കിൽ അപ്രകാരം ചെയ്യുക.

(ബി) ഈ വർഷം ഇതുവരെ നോക്കുകൂലി വാങ്ങിയ പരാതിയിന്മേൽ തിരുവനന്തപുരം ജില്ലയിൽ കനകക്കുന്ന് കൊട്ടാരം പ്രദേശത്തെ ഐ.എൻ.റ്റി.യു.സി യൂണിയനിൽപ്പെട്ട രണ്ട് തൊഴിലാളികൾക്കെതിരെ ശിക്ഷാനടപടികൾ എടുത്തിട്ടുണ്ട്.

(സി) മേൽപ്പറഞ്ഞ രണ്ട് തൊഴിലാളികൾക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly